ആർ.ബി.ഐ/2004/259
ഡി.ബി.ഒ.ഡി.എ.എം.എൽ.
ബി.സി.നമ്പർ - 101/14-01-001/2003-04

ജൂൺ 21, 2004

എല്ലാ വാണിജ്യബാങ്കുകളുടേയും ചീഫ് എക്സിക്യൂട്ടീവുകൾക്ക്
(ആർ.ആർ.ബി.കളെ ഒഴിവാക്കി)

സാർ,

**നിലവിലുള്ള അക്കൗണ്ടുകൾക്ക് - കെ.വൈ.സി-മാതൃകയിലുള്ള മാർഗ്ഗരേഖകൾ**

1. മുകളിൽ സൂചിപ്പിച്ച വിഷയം കാണിക്കുന്ന 2002 ആഗസ്റ്റു 16-ാം തീയതിലെ ഞങ്ങളുടെ ഡി.ബി.സി.ഡി. നമ്പർ എ.എം.എൽ.ബി.സി. 18/14-01-001/2002-03 ശ്രദ്ധിക്കുക നിലവിലുള്ള അക്കൗണ്ടിൽ എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ കെ.വൈ.സി നടപടിക്രമം വേഗത്തിൽ പൂർത്തിയാക്കണം എന്ന് ഇതിന്റെ മൂന്നാം ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ട്..

വീണ്ടും ഞങ്ങളുടെ അറിയിപ്പു ഡി.ബി.ഒ.ഡി-എ.എം.എൽ നമ്പർ. 47/14-01-001/2003-2004 ഉം 129/14-01-001/2003-04, നവംബർ 24, ഡിസംബർ 16, 2003 യഥാ ക്രമം നോക്കുക. നിലവിലുള്ള അക്കൗണ്ടിംഗ്, കെവൈ.സി. നടപടി ക്രമമനുസരിച്ച് അതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സമയ പട്ടികയനുസരിച്ചു തീർക്കുകയെന്നാണ് അതനുസരിച്ച് ബാങ്കുകളോട് ആവശ്യപ്പെട്ടിരിക്കുന്നത്.

2. ഇതു സംബന്ധിച്ച് 2003-2004 ലെ വാർഷിക സ്റ്റേറ്റ്മെന്റ് 126-ാം ഖണ്ഡിക നോക്കുക: 18 മെയ് 2004-ലെ നമ്പർ എം.പി.ഡി.-ബി.സി 249/07-01-279/2003-04 ഗവർണ്ണരുടെ കത്തിന്റെ കൂടെ അയച്ചിട്ടുണ്ട്. (ഖണ്ഡികയുടെ കോപ്പി അയക്കുന്നു)

3. പുതിയ അക്കൗണ്ടു തുറക്കുന്നതിന് നിങ്ങളുടെ ബോർഡുമായിട്ടാലോചിച്ചു കെ.വൈ.സി. പോളിസി നിങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുമെന്നു ഞങ്ങൾ കണക്കാക്കുന്നു. എന്നാൽ നിലവിലുള്ള ചെറിയ അക്കൗണ്ടുകാരെ ബുദ്ധി മുട്ടിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി കെ.വൈ.സി. പദ്ധതി സമയത്തിനു തന്നെ പൂർത്തി യാക്കണം - 2003 മാർച്ചു 31-ന് വായ്പയും അടവും മൊത്തം പത്തുലക്ഷം രൂപയിൽ കൂടുകയോ, അസാധാരണ ഇടപാടുകളിൽ സംശയം തോന്നുകയോ ചെയ്താൽ ബാങ്കുകൾ നിലവിലുള്ള കെ.വൈ.സി. നടപടിക്രമം പരിമിതപ്പെടുത്തണമെന്നാണു തീരുമാനിച്ചിട്ടുള്ളത്. ഈ പ്രക്രീയ ഡിസംബർ 31, 2004 ന് പൂർത്തിയാക്കണം

4. നിലവിലുള്ള ട്രസ്റ്റുകൾ/കമ്പനികൾ, സ്ഥാപനം, മതസ്ഥാപനങ്ങൾ, ധർമ്മ സ്ഥാപനങ്ങൾ കൂടാതെ മുക്യാർപ്രകാരം ഉള്ളതുമായ അക്കൗണ്ടുകൾ എന്നിവയിൽ

കെ.വൈ.സി. നടപടിക്രമം ഏർപ്പെടുത്തിയിട്ടുണ്ടെന്നു ബാങ്കുകൾ ഉറപ്പു നൽകേണ്ടതുണ്ട്. പ്രാദേശിക സാഹചര്യങ്ങൾക്ക് അനുകൂലമായിട്ടുള്ളതായിരിക്കണം കെ വൈ സി നടപടി ക്രമങ്ങൾ

വിശ്വസ്തതയോടെ

**(പ്രശാന്ത്സരൻ)**

ചീഫ് ജനറൽ മാനേജർ

## 2003-04-ലെ വാർഷിക നയ പ്രഖ്യാപനത്തിന്റെ പകർപ്പ്

(I) കെ.വൈ.സി.യും, ഇടപാടുകാരുമായുള്ള ബന്ധത്തിന്റെ രഹസ്യസ്വഭാവവും ; നടപ്പു വർഷങ്ങളിൽ പണം വെളുപ്പിക്കുന്നതു തടയുന്നതിനു വലിയ പ്രാധാന്യം നല്കി. നിങ്ങളുടെ കസ്റ്റമറെ അറിയുക (കെ.വൈ.സി) എന്ന തത്വം ബാങ്കുകളെ പണം വെളുപ്പിക്കുന്നതിനും സാമ്പത്തിക അട്ടിമറികളെ നേരിടാനും സഹായിച്ചു. അനുയോജ്യമായ രേഖകളിലൂടെ ശരിയായ ഒരു തിരിച്ചറിയൽ സ്ഥാപിയ്ക്കാൻ അനുയോജ്യമായ നടപടി ക്രമങ്ങൾ ബാങ്കുകൾ സ്വീകരിച്ചു. അത്തരം നടപടികൾ സ്വീകരിച്ചത് ബാങ്കിംഗ് സേവന മേഖലയിൽ പ്രവേശിക്കാൻ പൊതുജനങ്ങൾക്കു യാതൊരു ബുദ്ധിമുട്ടുമില്ലെന്നും വ്യക്തമാക്കി.2002 ആഗസ്റ്റിനു മുൻപുള്ള അക്കൗണ്ടുകളെ പുനപരിശോധിച്ചു കെ.വൈ.സി. മാതൃക അവയിൽ വ്യാപിപ്പിക്കുന്നതിനും അക്കൗണ്ടുകളെ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് 2004 ഡിസംബറിനു മുൻപ് ഒരു പുതിയ രീതിയിലാക്കണമെന്നും അറിയിക്കുന്നു. 2002 ഡിസംബറിൽ വീണ്ടും ബാങ്കുകൾക്ക് നിർദ്ദേശം നൽകി.

ഈ സന്ദർഭത്തിൽ ഇപ്രകാരം നിർദ്ദേശിക്കുന്ന ബാങ്കുകൾ പൂർണ്ണമായി കെ.വൈ.സി പദ്ധതിയെ മാതൃകയാക്കണം. പുതിയ അക്കൗണ്ടു തുറക്കുന്നതിന് അവരുടെ ബോർഡ് അംഗീകരിച്ചിട്ടതാണ്. ബാങ്കുകൾ, ട്രസ്റ്റുകൾ, മുക്ത്യാർപ്രകാരം അനുസരിച്ചു തുടങ്ങിയിട്ടുള്ള അക്കൗണ്ടുകൾ എന്നിവയിൽ കെ.വൈ.സി. പദ്ധതി പ്രാദേശിക സന്ദർഭ ത്തിനനുസരണമായി ബുദ്ധിപൂർവ്വം ഉപയോഗിച്ച് 2004 ഡിസംബറിനു മുൻപു പൂർത്തി യാക്കണം.